14-ാം കേരള നിയമ സഭ

4-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2183 07.03.2017-ൽ മറുപടിയ്ക്ക്

## പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ : | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളജിൽ ഈ വർഷം തന്നെ മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ; ആയതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, അംഗീകാരം ലഭിക്കാൻ ഇനി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ; | (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 2017-18 അദ്ധ്യയന വർഷം മെഡിക്കൽ വിദ്യാഭ്യാസം തുടങ്ങുന്നതിനും അംഗീകാരം ലഭിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 390 അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനം സജ്ജമാകാത്ത ഗവൺമെന്റ് മെഡിക്കൽ കോളേജുകളായ കോന്നി (പത്തനംതിട്ട), ഇടുക്കി, തിരുവനന്തപുരത്തെ ഇന്ദിരാഗാന്ധി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ നിയമിച്ചിരുന്ന ഡോക്ടർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിയമിച്ചിട്ടുണ്ട്. ബ്ലഡ് ബാങ്ക്, ലാബുകൾ, ഒ.പി, ഐ.പി. എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ടി 141 പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കോഴ്സ് തുടങ്ങുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുന്നതിനായി 10.02.2017 ന് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരത്തിനുള്ള നടപടിക്രമങ്ങ- |

ളോടനുബന്ധിച്ച് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പുന:പരിശോധന ഉടനെ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് സംസ്ഥാന സർക്കാർ പാരിപ്പള്ളി മെഡിക്കൽ കോളജ് ഏറ്റെടുക്കുമ്പോഴുള്ള എം.ഒ.യു. വ്യവസ്ഥ പ്രകാരം തൊഴിലാളികൾക്ക് ഉറപ്പ് നൽകിയിരുന്ന സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, സൗജന്യ ഭക്ഷണം, സൗജന്യ ആംബുലൻസ് സൗകര്യം, റഫറൽ സൗകര്യം, പ്രത്യേകമായ ഒ.പി - ഐ.പി കൗണ്ടറുകൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം തടസ്സങ്ങളാണുള്ളതെന്ന് വിശദമാക്കാമോ ?

(ബി) സംസ്ഥാന സർക്കാരും ഇ.എസ്.ഐ പ്രതിനിധികളും തമ്മിൽ ഒപ്പ് വച്ച മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ ഇത് സംബന്ധിച്ച വ്യവസ്ഥയുടെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്.

"2nd party (State) shall provide services to insured parties and then families in the hospital consistent with those provided under the ESIC Scheme on cashless basis."

ആയതിന് അനുസൃതമായി ഒ.പി, ഐ.പി സേവനങ്ങൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. പ്രത്യേക ഒ.പി. കൗണ്ടർ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിലും 5 ബെഡ്ഡുകൾ വീതം ഐ.പി.യ്ക്കായി മാറ്റിയിട്ടുള്ളതാണ്. റഫറൽ സൗകര്യം, സൗജന്യ ആംബുലൻസ് സേവനം, സൗജന്യ ഭക്ഷണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ ഐഡന്റിറ്റി സംബന്ധിച്ച വ്യക്തത ഉറപ്പുവരുത്തേണ്ട-തിനാൽ, ആയത് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമായിട്ടുള്ള മരുന്നുകൾ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ഫാർമസി വഴി സൗജന്യമായി നല്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ